**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **10-06-2024 - ൽ മറുപടിയ്ക്ക്**

**വർക്കല പുന്നമൂട് മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വർക്കല പുന്നമൂട് മാർക്കറ്റ് നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുക? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപറേഷൻ മുഖേന വർക്കല നഗരസഭയിലെ 32-ആം വാർഡിൽ ഉൾപ്പെട്ട പുന്നമൂട് മാർക്കറ്റിൽ ഹൈടെക് മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ബലപ്പെടുത്തി ഒന്നാം നില കൂടി നിർമ്മിക്കുന്നതിനുമാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് .ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട നിർമ്മാണ ഏജൻസി തയ്യാറാക്കി സമർപ്പിച്ച ഡിമോളിഷൻ പ്ലാൻ പ്രകാരം പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങളുടെ ലേല നടപടികൾ പൂർത്തിയായിട്ടുള്ളതാണ് . നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അന്തിമഘട്ടത്തിലാണ് .മാർക്കറ്റ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം തീരദേശ ഹൈവേയുടെ വൈഡനിങ്ങിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ KRFB-ൽ നിന്നുള്ള നിരാക്ഷേപ പത്രം ,റെയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്റർ ദൂര പരിധിക്കുള്ളിലായതിനാൽ റയിൽവേയിൽ നിന്നുള്ള നിരാക്ഷേപപത്രം എന്നിവ ലഭ്യമാക്കേണ്ടതുണ്ട് .ആയതിലേക്കായി പ്ലാൻ -അനുബന്ധരേഖകൾ എന്നിവ ബന്ധപ്പെട്ട ഡിപ്പാർട്മെന്റിൽ സമർപ്പിച്ചിട്ടുണ്ട് .പദ്ധതി അടിയന്തിര പ്രാധാന്യത്തോടു കൂടി ആരംഭിക്കേണ്ടതുള്ളതിനാൽ റെയിൽവേ അതിർത്തിയിൽ നിന്ന് നിയമാനുസൃതം അകലം പാലിച്ചു നിർമ്മിക്കുന്ന 496.34 ച.മീറ്റർ വിസ്തൃതിയിലുള്ള ഹൈടെക് മാർക്കറ്റ് കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും റെയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്റർ പരിധിയ്ക്കുള്ളിൽ നിർമ്മാണം നടത്തേണ്ട 1080.88 ച.മീറ്റർ വിസ്തൃതിയിലുള്ള ഒന്നാം നിലയുടെ നിർമ്മാണത്തിനായി KRFB യിൽ നിന്നും NOC |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുള്ളതും തുടർന്ന് റയിൽവേക്കു NOC യ്ക്കായി സമർപ്പിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനം:315 10.06.2024-ൽ മറുപടിയ്ക്ക്

**വർക്കല പുന്നമൂട് മാർക്കറ്റ് നവീകരണം**

| ചോദ്യം<br>**ശ്രീ.വി.ജോയി** | | മറുപടി<br>**ശ്രീ.എം.ബി രാജേഷ്**<br>**(തദ്ദേശ സ്വയംഭരണവും**<br>**എക്സൈസും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | വർക്കല പുന്നമൂട് മാർക്കറ്റ് നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുക? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപറേഷൻ മുഖേന വർക്കല നഗരസഭയിലെ 32-ആം വാർഡിൽ ഉൾപ്പെട്ട പുന്നമൂട് മാർക്കറ്റിൽ ഹൈടെക് മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ബലപ്പെടുത്തി ഒന്നാം നില കൂടി നിർമ്മിക്കുന്നതിനുമാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ടി<br>പ്രോജക്ടുമായി ബന്ധപ്പെട്ട നിർമ്മാണ ഏജൻസി തയ്യാറാക്കി സമർപ്പിച്ച ഡിമോളിഷൻ പ്ലാൻ പ്രകാരം പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങളുടെ ലേലനടപടികൾ പൂർത്തിയായിട്ടുള്ളതാണ്. നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അന്തിമഘട്ടത്തിലാണ്. മാർക്കറ്റ് നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലം തീരദേശ ഹൈവേയുടെ വൈഡനിങ്ങിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ KRFB-ൽ നിന്നുള്ള നിരാക്ഷേപ പത്രം, റെയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്റർ ദൂര പരിധിക്കുള്ളിലായതിനാൽ റെയിൽവേയിൽ നിന്നുള്ള നിരാക്ഷേപപത്രം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്കായി പ്ലാൻ-അനുബന്ധരേഖകൾ എന്നിവ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി അടിയന്തിര പ്രാധാന്യത്തോടു കൂടി ആരംഭിക്കേണ്ടതുള്ളതിനാൽ റെയിൽ അതിർത്തിയിൽ നിന്ന് നിയമാനുസൃതം അകലം പാലിച്ചു നിർമ്മിക്കുന്ന 496.34 ച.മീറ്റർ വിസ്തൃതിയിലുള്ള ഹൈടെക് മാർക്കറ്റ് കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും റെയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്റർ പരിധിയ്ക്കുള് |

| | | | | |
|---|---|---|---|---|
| | | | | ളിൽ നിർമ്മാണം നടത്തേണ്ട 1080.88 ച.മീറ്റർ വിസ്തൃതിയിലുള്ള ഒന്നാം നിലയുടെ നിർമ്മാണത്തിനായി KRFB യിൽ നിന്നും NOC ലഭ്യമായിട്ടുള്ളതും തുടർന്ന് റെയിൽവേക്ക്<br>NOC യ്ക്കായി സമർപ്പിക്കേണ്ടതുമാണ്. |

**M B RAJESH**
**MINISTER**